ഹദീസ്

**ഫാത്വിമ കോയക്കുട്ടി**

# വെളിച്ചമാണ് അധ്യാപകൻ

عن جابر رضي الله عنه أن النبي صلَّى الله عليه وسلَّم قال: إنَّ الله تعالى لم يَبْعثني مُعنتًا ولا مُتعنِّتًا، ولكن بَعثني مُعلِّمًا مُيسِّرًا (رواه مسلم)

**ജാബിറി(റ)ൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: 'കാർക്കശ്യക്കാരനും അടിച്ചേൽപിക്കുന്നവനുമായിട്ടല്ല എന്നെ അല്ലാഹു നിയോഗിച്ചിട്ടുള്ളത്. കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കുന്ന അധ്യാപകനായിട്ടാണ് അവൻ എന്നെ നിയോഗിച്ചിട്ടുള്ളത്' (മുസ്‌ലിം).**

ഇസ്‌ലാമിൽ അധ്യാപകർക്ക് വലിയ പദവിയും പ്രാധാന്യവുമുണ്ട്. നബി (സ) തന്നെ കുറിച്ച് പറഞ്ഞിട്ടുള്ളത് നല്ലൊരു അധ്യാപകൻ എന്നാണ്. 'നിങ്ങളിലെ വിജ്ഞാനം നൽകപ്പെട്ട വിശ്വാസികൾക്ക് ഉയർന്ന പദവികളുണ്ട്' എന്ന് അല്ലാഹു സന്തോഷ വാർത്ത അറിയിക്കുന്നുണ്ട്.

അധ്യാപനം ഒരു തൊഴിൽ എന്നതിനേക്കാളുപരി ദൈവ നിയോഗമായി കരുതിയാൽ മാത്രമേ ഈ പുണ്യപ്രവൃത്തിയുടെ മാഹാത്മ്യം മനസ്സിലാവുകയുള്ളൂ. ഔപചാരിക വിദ്യാഭ്യാസത്തിന്റെ മർമപ്രധാനമായ ഘടകമാണ് അധ്യാപകർ. കുട്ടികൾ വിദ്യാലയത്തിലൂടെ കടന്നുപോവുകയല്ല, മറിച്ച് വിദ്യ അവരിലൂടെ കടന്നുപോവുകയാണ് വേണ്ടത്. അതിനുള്ള ചാലകശക്തിയാണ് അധ്യാപകൻ. വസ്തുക്കളെയല്ല, വ്യക്തികളെയാണ് ഒരു അധ്യാപകൻ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ തകർന്നുപോകാൻ സാധ്യതയുണ്ട്.

എജുക്കേഷൻ എന്ന പദം 'പുറത്തുകൊണ്ടുവരിക' എന്നർഥമുള്ള 'എജുക്കാരേ' എന്ന ലത്തീൻ പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. അധ്യാപകൻ അടിസ്ഥാനപരമായി പ്രചോദകനാണ്. ഓരോ കുട്ടിയിലും അന്തർലീനമായിക്കിടക്കുന്ന കഴിവുകൾ പുറത്തു കൊണ്ടുവരിക. അതാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്. അത് നേടിയെടുക്കുമ്പോഴും വിദ്യാലയങ്ങൾ വിട്ടൊഴിഞ്ഞ് കുട്ടികൾ പോകുമ്പോഴും സിലബസ് മറന്നുകഴിഞ്ഞതിനു ശേഷവും അവരിൽ അവശേഷിക്കേണ്ട സനാതന മൂല്യങ്ങൾ സന്നിവേശിപ്പിക്കേണ്ടത് അധ്യാപകന്റെ ജോലിയാണ്. നല്ല ഒരു അധ്യാപകൻ എന്നും നല്ല ഒരു വിദ്യാർഥിയും കൂടിയാകണം. വിദ്യയാണ് ഏറ്റവും വലിയ സമ്പത്ത്. അതിന്റെ വിതരണക്കാരാണ് അധ്യാപകർ.

അതുകൊണ്ടു തന്നെ ഒരധ്യാപകനെ സംബന്ധിച്ചേടത്തോളം അയാൾക്ക് അനിവാര്യമായും ഉണ്ടാകേണ്ട ചില സ്വഭാവ സവിശേഷതകളുണ്ട്. ധൈര്യം, ഭാവന, അച്ചടക്കം, സഹിഷ്ണുത, ക്ഷമാശീലം, സമർപ്പണ മനോഭാവം, കർത്തവ്യബോധം, ശരിതെറ്റുകൾ മനസ്സിലാക്കി ശരിയെന്ന് തോന്നുന്ന കാര്യങ്ങളിലുള്ള ഉറച്ച നിലപാടുകൾ ഇതെല്ലാം ഒരു നിപുണനായ അധ്യാപകന്റെ സ്വഭാവ ഗുണങ്ങളാണെന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നു.

സമൂഹത്തിൽ ഇന്ന് ക്രിമിനലുകളും മാഫിയകളുമൊക്കെ അധികരിച്ചുവരുന്നതിന്റെ ഒരു പ്രധാന കാരണം അത്തരക്കാർക്ക് തങ്ങൾ ജീവിക്കുന്ന കാലഘട്ടത്തിന്റെയും അഭിമുഖീകരിക്കുന്ന സാമൂഹിക ചുറ്റുപാടുകളുടെയും അടിസ്ഥാനത്തിലുള്ള വിജ്ഞാനങ്ങൾ നൽകപ്പെടാത്തതാണ്. ധാർമിക - സദാചാര മൂല്യങ്ങളുടെയും കാലോചിതമായ വൈജ്ഞാനിക മികവുകളുടെയും അഭാവം അവരെ മൂല്യച്യുതിയിലേക്കു വഴി നടത്തുന്നു. അഥവാ അവർക്ക് വേണ്ട രീതിയിലുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നില്ല.

അങ്ങനെയാണ് സമൂഹത്തിൽ ഇത്രയേറെ കുറ്റകൃത്യങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇമാം ഗസ്സാലി പറയുകയുണ്ടായി; മറ്റുള്ളവർക്ക് പ്രകാശം നൽകി എരിഞ്ഞു തീരുന്ന വിളക്കുതിരിയാണ് ഒരു അധ്യാപകൻ. നബി (സ) പറഞ്ഞു: 'എന്നിൽ നിന്ന് ഒരു സദുപദേശം കേൾക്കുകയും അതു വഴി സ്വയം ഉദ്ബുദ്ധനായി താൻ കേട്ടതുപോലെ അത് മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്ന ആളെ അല്ലാഹു അനുഗ്രഹിക്കട്ടെ.'

മുസ്‌ലിമായ അധ്യാപകനെ സംബന്ധിച്ചേടത്തോളം വലിയ ഉത്തരവാദിത്തമാണ് അയാൾക്കുള്ളത്. അയാൾ സ്വയം ഒരു പ്രബോധകനാണ്. തന്റെ ശിഷ്യന്മാരെ നന്മയിലേക്കു ക്ഷണിക്കുകയും അവരിലേക്ക് തിന്മ കടന്നുവരുന്നത് തടയുകയും ചെയ്യേണ്ടതുണ്ട്. ഒരു ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്: 'ഒരാൾ ഒരു അറിവു പകർന്നു നൽകുകയാണെങ്കിൽ അതിന്റെ ഫലമായി അത് പ്രവർത്തിച്ചവന്റേതു പോലുള്ള പ്രതിഫലം ആ വിജ്ഞാനം പകർന്നു നൽകിയ ആൾക്കും അല്ലാഹു നൽകും.'

കുട്ടികളെ ആത്മാർഥമായി പഠിപ്പിക്കുക, അവരുടെ സംശയങ്ങൾ ദൂരീകരിക്കുക, കാര്യങ്ങൾ നന്നായി മനസ്സിലാക്കിക്കൊടുക്കുക... ഇതൊക്കെ ഒരു അധ്യാപകന്റെ ഡ്യൂട്ടിയാണ്. ഇൽമ് അല്ലാഹുവിന്റെ ദാനമാണ്. അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുള്ളതാണ്. തനിക്കു ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാത്തവരെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പല ഖുർആനിക സൂക്തങ്ങളിലും നമുക്കത് കാണാം.

'അല്ലാഹു തന്റെ ഗ്രന്ഥത്തിലൂടെ ഇറക്കിയ ഈ വിജ്ഞാനം (ഐഹികമായ നേട്ടങ്ങൾക്കു വേണ്ടി) മറച്ചുവെക്കുന്ന ആളുകൾ, അങ്ങനെയുള്ള ആളുകൾ അവരുടെ വയറ്റിൽ അതു മൂലം സമ്പാദിച്ചുവെക്കുന്നതൊക്കെ നരകത്തീയാണ്.'

അതായത് ആത്മാർഥതയോടെ, സത്യസന്ധമായി വേണ്ടവിധം തന്റെ ശിഷ്യഗണത്തിന് അറിവും സംസ്കാരവും പകർന്നു കൊടുത്തില്ലെങ്കിൽ ഈ ആയത്തിൽ പറയുന്നതു പോലുള്ളൊരു ദുരനുഭവമായിരിക്കും അത്തരക്കാരെ കാത്തിരിക്കുന്നത്. ●